# ദൈവത്തെ അറിയുന്ന തലമുറ

## ന്യായാധിപന്മാർ 2:7

യോശുവയുടെ കാലത്തൊക്കെയും യോശുവ കഴിഞ്ഞിട്ടു ഏറിയനാൾ ജീവിച്ചിരുന്നവരായി യഹോവ യിസ്രായേലിന്നുവേണ്ടി ചെയ്ത മഹാപ്രവൃത്തി കളൊക്കെയും കണ്ടിട്ടുള്ളാവരായ മൂപ്പന്മാരുടെ കാലത്തൊക്കെയും ജനം യഹോവയെ സേവിച്ചു

മക്കൾ യഹോവ നൽകുന്ന ദാനമാണ്. ഇന്നു ആ ദാനത്തെ ചൊല്ലി വിലപിക്കാനും പ്രയാസപ്പെടാനുമാണ് ഭൂരിഭാഗം മതാപിതാക്കൾക്കും വിധിക്കപ്പെട്ടിരിക്കുന്നത്, കാരണം, അവർ വഴിതെറ്റിന്റെ അവസ്ഥയിൽ ആയിരിക്കുന്നു. ഒന്നു ചിന്തിച്ചാൽ ഇതിന്റെ കാരണം ഈ മതാപിതാക്കൾ തന്നെയാണെന്നതാണ് വാസ്തവം.

നമ്മുടെ ജീവിതത്തിൽ നിന്നാണ് നമ്മുടെ മക്കൾ പഠിക്കുന്നത്. അങ്ങനെയെങ്കിൽ നമുക്ക് നമ്മുടെ ജീവിതത്തിൽ എന്തിനൊക്കെയായിരുന്നോ നാം പ്രധാന്യം കൽപ്പിച്ചിരുന്നത് ആ വഴി തന്നെയായിരിക്കും നമ്മുടെ തലമുറകളും പിന്തുടരുക. ഇവിടെ നാം വായിച്ച്കണ്ട വചനഭാഗത്ത് യോശുവയുടെ കാലത്തും അവന്റെ കാലശേഷം ജീവിച്ചിരുന്ന ചില മൂപ്പന്മാരുടെ കാലത്തും ജനം യഹോവയെ സേവിച്ചു എന്നു കണ്ടു. അതിനു തുടർച്ചയായി നാം വായിക്കുകയാണെങ്കിൽ അവിടെ കാണാം ആ തലമുറയുടെ കാലശേഷം അവരുടെ പിൻതലമുറ ഈ ദൈവത്തെ മറന്ന് അവരുടേതായ രീതിയിൽ ആയിപ്പോകുകയാണ്. അത് ദൈവകോപത്തിനും അവരുടെ പതനത്തിനും ഇടയായിത്തീരുന്നു. അവർ അറിഞ്ഞ ദൈവത്തെയും അവന്റെ പ്രവൃത്തികളെയും തലമുറകൾക്ക് കൈമാറുന്നതിൽ വന്ന പരാജയം പിൻതലമുറയെ നാശത്തിലേക്ക് നയിച്ചു. അങ്ങനെയെങ്കിൽ ഇന്നും നമ്മുടെ ഈ കാലഘട്ടത്തിൽ തലമുറയെചൊല്ലി വിലപിക്കുന്ന മാതാപിതാക്കൾക്കുള്ള ഉപദേശമാണ് പൗലോസ് ശ്ലീഹാ **റോമാ ലേഖനത്തിൽ** 12-ാം അദ്ധ്യായത്തിൽ പറഞ്ഞ് വെച്ചിരിക്കുന്നത്.

അതിന്റെ **1-ാം വാക്യത്തിൽ** പറയുന്നു "സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ." ഇന്നു കർത്താവിനെ സ്വീകരിച്ച ഓരോ വ്യക്തിയും ഏറ്റെടുക്കേണ്ടതും മറ്റുള്ളവർക്ക് പകർന്നു കൊടുക്കേണ്ടതുമായ ഒരു വചനഭാഗമാണിത്. കാരണം ഈ ലോകത്തിൽ ജീവിക്കുമ്പോൾ നിത്യമായ സന്തോഷത്താലും, സമാധാനത്താലും ജീവിതം ആസ്വദിക്കുവാൻ ഓരോ ദൈവപൈതലിനെയും സഹായിക്കുകയും

ധൈര്യപ്പെടുത്തുകയും ചെയ്യുന്ന വചനഭാഗമാണിത്. ദൈവം നമ്മെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ച് അവന്റെ ജീവന്റെ ശ്വാസം നമ്മുടെ ജഢീകമായ ശരീരത്തിൽ തന്നിരിക്കുന്നത് അവന്റെ ഇഷ്ടവും, കൽപനകളും അനുസരിച്ചു ജീവിക്കുന്നതിന്നു വേണ്ടിയാണ്. അതു നമ്മുടെ ശരീരങ്ങളെ തന്നെ അവന്റെ മന്ദിരങ്ങളായി സമർപ്പിച്ചുകൊണ്ടാവണം. അല്ലാത്തപക്ഷം നാം അവന്റെ ഹിതത്തിനെതിരായി അവനോട് മല്ലടിക്കുന്നവരായും അതിലൂടെ നമ്മുടെ സ്വന്തതാത്പര്യങ്ങളിൽ നടന്ന് ജീവിതത്തിന്റെ പലതരത്തിലുള്ള പ്രതികൂലങ്ങളിലേക്കും, പ്രതിസന്ധികളിലേക്കും നടന്നടുക്കുവാൻ ഇടയായിത്തീരും.

ദൈവത്തോട് നമ്മുടെ യഥാർത്ഥമായ ആരാധന എന്നു പറയുന്നത് അവന്റെ പുത്രനായ നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിനോടുള്ള പൂർണ്ണമായ വിധേയത്വമാണ്. അത് നമ്മുടെ ജീവിതത്തിൽ അവന്റെ ഹിതം എന്തെന്നു തിരിച്ചറിയുന്ന തലത്തിലായിരിക്കണം. നമ്മോടുള്ള അവന്റെ മഹാ ദയയെയും, കരുണയെയും പ്രതി അവൻ നമൂക്കുവേണ്ടി സ്വയം ബലിയായിത്തീർന്നതോർത്താൽ നമ്മോട് അവൻ ആവശ്യപ്പെടുന്ന ഈ ഒരു ചെറിയ കാര്യം എന്നു പറയുന്നത് അത്ര വലിയതൊന്നുമല്ല. അവൻ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ ക്രൂശിലെ മരണത്തോളം അവനെ തന്നെ ഏൽപ്പിച്ചു കൊടുക്കുക വഴി തന്റെ പിതാവിന്റെ ഹിതം നിറവേറ്റിയതാണ്. അങ്ങനെയെങ്കിൽ നാമും അവനെപ്പോലെ പിതാവിന്റെ ഹിതം തിരിച്ചറിഞ്ഞ് അതു നിറവേറ്റാൻ സദാ സന്നദ്ധരായിരിക്കണം.

നമുക്ക് സ്വതന്ത്രമായി തിരഞ്ഞെടുക്കാൻ ദൈവം വെച്ചിരിക്കുന്ന ഒരു കാര്യമാണിത്. നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും, ഓരോ മണിക്കൂറും അല്ലെങ്കിൽ ജീവിതം മുഴുവനായിട്ട് അവന്നു വേണ്ടി മാറ്റി വെയ്ക്കുക. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ അതിലേക്ക് നയിച്ചുകൊണ്ടിരിക്കും എന്നാൽ നാം അതിനായിട്ട് ഒന്നു തയ്യാറായി നിൽക്കണം, അവന്റെ ആലോചനകളെയും പദ്ധതികളെയും സ്വീകരിക്കാനുള്ള ഒരു മനസ്സൊരുക്കം നമുക്കുണ്ടായിരിക്കണം. ഇങ്ങനെ അവന്റെ വിളിക്കനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുക വഴി നാം അവന്റെ മക്കളെന്നുള്ള പദവി നിലനിർത്തുകയും അതിലൂടെ നമ്മുടെ തലമുറക്ക് ഈ പദവി കൈമാറുവാൻ ശ്രമിക്കുകയും വേണം. കാരണം നാശത്തിൽ നിന്നു കരകയറുന്നതിലും എളുപ്പം നശിക്കാതിരിക്കുന്നതാണ്.

നമ്മുടെ ദൈവത്തിന്റെ ഹിതം തിരിച്ചറിഞ്ഞ് ജീവിതം മുമ്പോട്ടു കൊണ്ടുപോകാനും അതു വരും തലമുറക്കു പകർന്നു നൽകാനും ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ വ്യാപരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനം 135:13-14

യഹോവേ, നിന്റെ നാമം ശാശ്വതമായും യഹോവേ, നിന്റെ ജ്ഞാപകം തലമുറ തലമുറയായും ഇരിക്കുന്നു. യഹോവ തന്റെ ജനത്തിന്നു ന്യായപാലനം ചെയ്യും; അവൻ തന്റെ ദാസന്മാരോടു സഹതപിക്കും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 017